(ബി) 93 കിടക്കകളുള്ള ഈ ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടി ക്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) 26-5-2014-ലെ സ.ഉ (സാധ) നം.1669/2014/ആകവ, 1-1-2015-ലെ സ.ഉ (സാധാ) നം.4/15/ആകവ എന്നിവ പ്രകാരം നെന്മാറ സി.എച്ച്.സിയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. താലൂക്കാശുപത്രികൾക്കാവശ്യമായ കൂടുതൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അത്യാഹിത വിഭാഗം എന്നിവയ്ക്ക് നിലവിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം, വ്യയനിയന്ത്രണം എന്നീ കാരണങ്ങളാൽ സാധിക്കാത്ത സാഹചര്യമാണ്.

(സി) നെന്മാറ സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തികസ്ഥിതി മോശമായതിനാൽ പരിഗണിച്ചിട്ടില്ല എന്നാൽ, 25-11-2013-ലെ സ.ഉ. (ആർ.റ്റി) നമ്പർ 3937/13/ആ.ക.വ. പ്രകാരം അസിസ്റ്റന്റ് സർജൻമാരുടെ 3 തസ്തികകൾ സ്ഥാനമാറ്റം വഴി നെന്മാറ സി.എച്ച്.സി-യ്ക്ക് അനുവദിച്ചിട്ടുണ്ട്. നെന്മാറ സി.എച്ച്.സി ഉൾപ്പെടെ സംസ്ഥാനത്തെ 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സ.ഉ (സാധ) നമ്പർ 1669/14/ആ.ക.വ. 1-1-2015-ലെ 26-5-2014-ലെ സ.ഉ (സാധ) 4/15/ആ.ക.വ. എന്നീ ഉത്തരവുകൾ പ്രകാരം ഗൈനക്കോളജി പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കരങ്ങു പനി ശുശ്രൂഷകരുടെ പരിരക്ഷ

32 (724) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരങ്ങുപനി വ്യാപിക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണയിൽ എർപ്പെട്ടിട്ടുണ്ടോ ;

(ബി) പനി ബാധിതരെ ശുശ്രൂഷിക്കുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്കും സന്നദ്ധസംഘടനകൾക്കും എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരങ്ങുപനി വ്യാപിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടിയന്തര പ്രാധാന്യത്തോടെ രോഗ നിർണ്ണയം, ചികിത്സാ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരുന്നു. വനംവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യം, ത്രിതല പഞ്ചായത്തുകൾ, ടൈബൽ വകുപ്പ് മുതലായ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തി വരുന്നത്.
- സംസ്ഥാനതല വിദഗ്ധസംഘം, മെഡിക്കൽ കോളേജ് ടീം, ന്യൂഡൽഹിയിൽ നിന്നും എത്തിയ വിദഗ്ധൻ, മണിപ്പാൽ വൈറോളജി ലാബിൽ നിന്നുള്ള വിദഗ്ധരക്തപരിശോധനാസംഘം മുതലായവർ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ആരോഗ്യവകുപ്പ് മന്ത്രി, ബഹു.പട്ടികവർഗ്ഗ യുവജനക്ഷേമ മന്ത്രി, വയനാട് പാർലമെന്റ് അംഗം എന്നീ പ്രമുഖർ രോഗ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- കുരങ്ങുപനി ബാധിച്ച് മരിച്ചവരുടെ ബന്ധുക്കൾക്കും, രോഗ ബാധിതർക്കും പ്രത്യേക സാമ്പത്തിക സഹായം നൽകാൻ ധാരണയായി. രോഗ ചികിത്സാ കാലയളവിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചു. 19-2-2015-ന് കുരങ്ങുപനിയുടെ വിവിധ വശങ്ങളെക്കുറിച്ച് കർണ്ണാടക സംസ്ഥാനത്തെ വിദഗ്ധരുമായി ഒരു കൂടിയാലോചനായോഗം സുൽത്താൻ ബത്തേരിയിൽ ചേരുകയും തുടർ നടപടികൾക്ക് മാർഗ്ഗരേഖയുണ്ടാക്കുകയും ചെയ്തു.
- ഫെബ്രുവരി 16 മുതൽ 19 വരെ ആരോഗ്യംവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ജില്ലയിൽ ക്യാമ്പ് ചെയ്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

- മൃഗസംരക്ഷണവകുപ്പും, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് കരടു മരണമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലങ്ങളിൽ അണുനശീകരണ പ്രവർത്തനങ്ങൾ (ടിക് കൺട്രോൾ) നടത്തിവരുന്നു.

- രോഗബാധ സാധ്യതയേറെയുള്ള പ്രദേശങ്ങളിലെ ആളുകൾക്ക് പ്രതിരോധ വാക്സിൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി, പുൽപ്പള്ളി, പൂതാടി, മുള്ളൻകൊല്ലി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധത്തിനും ചികിത്സയ്ക്കും പ്രത്യേക ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേന്ദ്രത്തിൽനിന്ന് ഒരു ടീം വയനാട് ജില്ല സന്ദർശിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി പ്രത്യേകിച്ച് ധാരണയിൽ ഒന്നും ഏർപ്പെട്ടിട്ടില്ല.

(ബി) മനുഷ്യരിൽനിന്നും മനുഷ്യരിലേക്ക് നേരിട്ട് രോഗം പകരാത്തതുകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പ്രത്യേകിച്ച് പരിരക്ഷ ആവശ്യമില്ല എന്നിരുന്നാലും വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങളും പ്രതിരോധ വാക്സിനും നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. രോഗ സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അവബോധവും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും നൽകിവരുന്നു.

സ്വസ്ഥം പദ്ധതി

33 (725) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വസ്ഥം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly